
## DEPUTY SPEAKER



# K. NARAYANA KURUP

Shri K. Narayana Kurup, a parliamentarian of long standing, occupied the Chair of Minister as well as that of Deputy Speaker of the Kerala Legislative Assembly. Born at Karukachal in Kottayam District on October 23, 1927 as the son of Shri K.P. Krishnan Nair and Smt. Kuttiyamma, he had his education in Travancore, Madras, Bombay and Pune Universities. After taking a law degree, Shri Narayana Kurup enrolled as an Advocate in 1954. However, he was later drawn to the teaching profession and became Lecturer and Professor in colleges under the management of the Nair Service Society.

Shri K. Narayana Kurup was first elected to the Travancore Cochin Legislative Assembly in 1954 from the Vazhoor

Constituency. Subsequently, he was elected to the second Kerala Legislative Assembly on May 16, 1963 from the Vazhoor Constituency, through a by-election following the demise of Shri V.K. Velappan, Minister of Public Health and Electricity. He again represented the Vazhoor Constituency in the fourth KLA (1970-77), fifth KLA (1977-79), ninth KLA (1991-96), tenth KLA (1996 – 2001) and eleventh KLA. Shri Naryana Kurup was Chairman of the Committee on Petitions during the period 1973-74 and 1975-76 and the House Committee of the fourth KLA during 1976-77.

Shri Narayana Kurup became the Minister for Transport with additional charge of Excise, Printing & Press and Archaeology in the C. Achutha Menon Ministry on January 26, 1977 and continued till March 25, 1977. He held the portfolio of Transport in the succeeding K. Karunakaran Ministry also from April 11, 1977 to April 25, 1977. In the subsequent Ministries headed by Shri A.K. Antony and Shri P.K. Vasudevan Nair also Shri Narayana Kurup continued as Transport Minister. He remained in that Chair upto October 7, 1979, when the Ministry tendered its resignation. He thus served as a Minister under four different Chief Ministers continuously. He held the charge of Home Minister for a short duration in 1977-78.


Shri Narayana Kurup served as the Deputy Speaker in the ninth KLA from July 19, 1991 to May 14, 1996. He also performed the duties of the Speaker from May 4, 1995 to June 26, 1995.

Previously, Shri Narayana Kurup had served as the President of Changanassery Circle Co-operative Union for five years. He held the Presidentship of Karukachal Panchayat for twenty three years and was also member of the Kerala University Senate for several years. He was also member of the NSS Director Board.

Smt. K. Leela Devi is his wife and they have four sons and three daughters. His son, Dr. N. Jayaraj, was the MLA from Vazhoor Constituency in 2006 and presently representing Kanjirappally Constituency since 2011.

Shri K. Narayana Kurup expired on June 26, 2013. The Assembly paid homage to him on July 8, 2013.

ഡെപ്യൂട്ടി
സ്പീക്കർ



# കെ. നാരായണക്കുറുപ്പ്

തലമുതിർന്ന നേതാവും ദീർഘകാലപാരമ്പര്യമുള്ള പാർലമെന്റേറിയനുമായിരുന്ന ശ്രീ. കെ. നാരായണക്കുറുപ്പ്, മന്ത്രിപദവും ഡെപ്യൂട്ടി സ്പീക്കർ പദവിയും വഹിച്ചിട്ടുള്ള നേതാക്കളിലൊരാളാണ്. 1927 ഒക്ടോബർ 23-ന് കോട്ടയം ജില്ലയിലെ കറുകച്ചാൽ എന്ന ഗ്രാമത്തിൽ ശ്രീ. കെ. പി. കൃഷ്ണൻ നായരുടെയും ശ്രീമതി കുട്ടിയമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. തിരുവിതാംകൂർ, മദ്രാസ്, ബോംബെ, പൂനെ എന്നീ സർവ്വകലാശാലകളിലാണ് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1954-ൽ നിയമബിരുദം സമ്പാദിച്ചതിനുശേഷം അദ്ദേഹം അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. എന്നാൽ, അധ്യാപന രംഗത്തേയ്ക്ക് ആകൃഷ്ടനായ ശ്രീ. നാരായണ

ക്കുറുപ്പ് പിൽക്കാലത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള കോളേജുകളിൽ ലക്ചററായും പ്രൊഫസറായും സ്തുത്യർഹ സേവനം കാഴ്ചവച്ചു.

1954-ൽ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് ആദ്യമായി അദ്ദേഹം തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. ആരോഗ്യ, വിദ്യുച്ഛക്തി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. വി. കെ. വേലപ്പന്റെ നിര്യാണത്തെത്തുടർന്ന് 1963 മേയ് 16-ാം തീയതി വാഴൂർ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിലൂടെ ശ്രീ. നാരായണക്കുറുപ്പ് രണ്ടാം കേരള നിയമസഭയിൽ അംഗമായി. വീണ്ടും അതേ നിയോജകമണ്ഡലത്തിൽ നിന്നും കേരള കോൺഗ്രസ്സ് ടിക്കറ്റിൽ മത്സരിച്ച ശ്രീ. നാരായണക്കുറുപ്പ്, നാലാം കേരള നിയമസഭയിലും (1970-77) അഞ്ചാം കേരള നിയമസഭയിലും (1977-79) ഒൻപതാം കേരള നിയമസഭയിലും (1991-96) പത്താം കേരള നിയമസഭയിലും (1996-2001) പതിനൊന്നാം കേരള നിയമസഭയിലും (2001-06)അംഗമായി.

1973-74-ലും 1975-76-ലും അദ്ദേഹം ഹർജികൾ സംബന്ധിച്ച സമിതി ചെയർമാനായിരുന്നു. നാലാം കേരളനിയമസഭയുടെ കാലത്ത് 1976-1977-ൽ ഹൗസ് കമ്മിറ്റി ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു.

1977 ജനുവരി 26 മുതൽ 1977 മാർച്ച് 25 വരെ അച്യുതമേനോൻ മന്ത്രിസഭയിൽ ഗതാഗത വകുപ്പിന് പുറമെ എക്സൈസ്, പ്രിന്റിംഗ് പ്രസ്സ്, പുരാവസ്തു വകുപ്പ് എന്നിവയുടെ അധികച്ചുമതല വഹിച്ചിരുന്ന ശ്രീ. നാരായണക്കുറുപ്പ്, തുടർന്നുവന്ന കരുണാകരൻ മന്ത്രിസഭയിൽ 1977 ഏപ്രിൽ 11 മുതൽ 1977 ഏപ്രിൽ 25 വരെ ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ചു. പിന്നീട് വന്ന എ. കെ. ആന്റണി മന്ത്രിസഭയിലും പി.കെ.വി. മന്ത്രിസഭയിലും ഗതാഗത മന്ത്രി ആയിരുന്ന ശ്രീ. കുറുപ്പ് 1979 ഒക്ടോബർ 7-ന് ശ്രീ. പി. കെ. വാസുദേവൻ നായർ രാജി വയ്ക്കുംവരെ ആ പദവിയിൽ തുടർന്നു. അങ്ങനെ നാല് വ്യത്യസ്ത മുഖ്യമന്ത്രിമാരുടെ കീഴിൽ തുടർച്ചയായി മന്ത്രിയായി എന്ന ബഹുമതിയ്ക്ക് അദ്ദേഹം അർഹനായി. 1977-78-ൽ ചെറിയൊരു കാലയളവിൽ അദ്ദേഹം ആഭ്യന്തരവകുപ്പിന്റെ ചുമതല വഹിച്ചിരുന്നു.

1991 ജൂലൈ 19 മുതൽ 1996 മേയ് 14 വരെ ശ്രീ. നാരായണക്കുറുപ്പ് ഒൻപതാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദം അലങ്കരിച്ചു. 1995 മേയ് 4 മുതൽ 1995 ജൂൺ 26 വരെ സ്പീക്കറുടെ ചുമതല വഹിച്ചതും അദ്ദേഹം തന്നെ.

ശ്രീ. നാരായണക്കുറുപ്പ് കോ-ഓപ്പറേറ്റീവ് യൂണിയൻ ചങ്ങനാശ്ശേരി സർക്കിളിന്റെ പ്രസിഡന്റായി അഞ്ച് വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. 23 വർഷക്കാലം കറുകച്ചാൽ പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള ശ്രീ. കുറുപ്പ് ദീർഘകാലം കേരള സർവ്വകലാശാല സെനറ്റ് അംഗവുമായിരുന്നു. എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീമതി കെ. ലീലാദേവിയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് നാല് പുത്രന്മാരും മൂന്ന് പുത്രിമാരുമുണ്ട്.

2006-ൽ വാഴൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചും 2011 മുതൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചും കേരളനിയമസഭയിലംഗമായ ഡോ.എൻ. ജയരാജ് അദ്ദേഹത്തിന്റെ മകനാണ്.

2013 ജൂൺ 26-ന് ശ്രീ. കെ. നാരായണക്കുറുപ്പ് അന്തരിച്ചു. 2013 ജൂലൈ 8-ന് സഭ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു.